"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് - കോഴിക്കോട് ജി.എച്ച്.എസ്.എസ് മെഡിക്കൽ കോളേജ് കാമ്പസിലെ അദ്ധ്യാപികയായ ശ്രീമതി. അനിത. കെ -യുടെ പേരിലുള്ള KSID/LI/240150902 നമ്പർ എസ്.എൽ.ഐ പോളിസിയുടെ അർഹമായ ആനുകൂല്യം സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് ചട്ടം 20.3 -ൽ ഇളവ് നൽകി - അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

**സ.ഉ (സാധാ) നം.4942/2025/ധന** **തിരുവനന്തപുരം, തീയതി, 03-06-2025**

പരാമർശം :- 1. ശ്രീമതി. അനിത. കെ, സമർപ്പിച്ച 22/10/2024 തീയതിയിലെ അപേക്ഷ
2. ഇൻഷ്വറൻസ് ഡയറക്ടറുടെ 28/02/2025 തീയതിയിലെ കെ.എസ്.ഐ.ഡി/1733/ 2024 എച്ച്. ക്യൂ ജി.എസ് 3 നമ്പർ കത്ത്.
3. 16/11/1988 - ലെ സ.ഉ (പി) നം.840/88/ധന ഉത്തരവ്.

**ഉത്തരവ്**

കോഴിക്കോട് ജി.എച്ച്.എസ്.എസ് മെഡിക്കൽ കോളേജ് കാമ്പസിലെ എച്ച്.എസ്.റ്റി ശ്രീമതി. അനിത. കെ -യുടെ പേരിലുള്ള KSID/LI/240150902 നമ്പർ എസ്.എൽ.ഐ പോളിസിയുടെ ക്ലെയിം തീർപ്പാക്കിയത് പുനഃപരിശോധിച്ച് പോളിസിയുടെ അർഹമായ മുഴുവൻ ആനുകൂല്യവും നൽകണമെന്ന് പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ശ്രീമതി. അനിത. കെ 17/07/2001 -ൽ അംഗത്വം എടുത്ത KSID/LI/240150902 നമ്പർ എസ്.എൽ.ഐ പോളിസിയിൽ 06/2004 വരെ മുടക്കമില്ലാതെ പ്രീമിയം കിഴിക്കൽ നടത്തിയതിനു ശേഷം 07/2004 മുതൽ 04/2005 വരെയുള്ള പ്രീമിയം 05/2005 മുതൽ അരിയറായിട്ടാണ് അടവാക്കിയിട്ടുള്ളത്. ആറ് മാസത്തിലധികം പ്രീമിയം മുടങ്ങിയതിനാൽ പരാമർശം (3) -ലെ എസ്.എൽ.ഐ ചട്ടം 20.3 പ്രകാരം പോളിസി കാലഹരണപ്പെട്ടതായി കണക്കാക്കിയാണ് കോഴിക്കോട് ജില്ലാ ഇൻഷ്വറൻസ് ഓഫീസർ ക്ലെയിം തീർപ്പാക്കിയിട്ടുള്ളതെന്നും പരാമർശം (2) പ്രകാരം ഇൻഷ്വറൻസ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. അനിത. കെ 04/06/2004 മുതൽ 31/03/2005 വരെ കെ.എസ്.ആർ പാർട്ട് 1 ചട്ടം 88 പ്രകാരം പഠനാവശ്യത്തിനായി ശൂന്യവേതനാവധിയിൽ ആയിരുന്നതിനാൽ ആണ് 07/2004 മുതൽ 04/2005 വരെയുള്ള പ്രീമിയം മുടക്കം വന്നിട്ടുള്ളത്. പ്രസ്തുത കാലയളവിലെ പ്രീമിയം 05/2005 മുതൽ അരിയറായി ഒടുക്കിയിരുന്നു എന്നതിനാലും പ്രസ്തുത കാലയളവിലൊഴികെ പ്രീമിയം ഒടുക്കുന്നതിൽ മുടക്കം വരുത്തിയിട്ടില്ലാത്തതിനാലും ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസിന്റെ ചട്ടം 20.3 -ൽ ഇളവ് നൽകി മുടക്കം വരുത്തിയ തുകയുടെ 9% പലിശ കുറവ് ചെയ്ത് പോളിസിയുടെ (Policy No.KSID/LI/240150902) അർഹമായ ആനുകൂല്യം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എൽസി ജോർജ്ജ്**
**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ഇൻഷ്വറൻസ് ഓഫീസർ, കോഴിക്കോട് (ഇൻഷ്വറൻസ് ഡയറക്ടർ മുഖേന)
ശ്രീമതി. അനിത. കെ, എച്ച്.എസ്.ടി, ജി.എച്ച്.എസ്.എസ് മെഡിക്കൽ കോളേജ് ക്യാമ്പസ്,

കോഴിക്കോട്.
വെബ് & ന്യൂ മീഡിയ, പി. ആർ. ഡി
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ഇ 2951020/എസ്റ്റാ-ഡി2/136/2024-ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ